# മരിച്ചവർക്കുവേണ്ടിയുള്ള
# പാട്ടുകുർബാന

DHARMARAM COLLEGE
CHAPEL.
BANGALORE.

# മരിച്ചവർക്കുവേണ്ടിയുള്ള
# പാട്ടുകുർബാന

DHARMARAM COLLEGE
CHAPEL.
BANGALORE.

Ad experimentum

Rights reserved

Ernakulam
1—6—1971

85 പൈസ

Fr. Augustine J Kulakkat CMI
Dharmaram College
Bangalore - 560 029

# മരിച്ചവർക്കുവേണ്ടിയുള്ള
# പാട്ടുകുർബാന

കാർമ്മികൻ തിരുവസ്ത്രങ്ങളണിയുമ്പോൾ
സമൂഹം താഴെ വരുന്ന പാട്ടുപാടുന്നു.

## ഗാനം

മരണത്താലേ മാനവനുലകിൽ
മംഗളജീവൻ പകർന്നവനേ,
മരണമടഞ്ഞോർക്കാനന്ദത്തിൻ
പരമകവാടം തുറക്കണമേ.

ചെന്നിണബലിയാ,ലുന്നതവെളിവാൽ
ശാന്തിജഗത്തിൽ വിതച്ചവനേ,
മരണമടഞ്ഞോർക്കാനന്ദത്തിൻ
പരമകവാടം തുറക്കണമേ.

ബലിയിതു കൈക്കൊണ്ടലിവൊട്ടുനാഥാ,
മൃതരുടെ പാപം പൊറുക്കണമേ.
നിത്യവിരുന്നിൻ കതിരുകൾവീശും
നിറതിരിയവരിൽ കൊളുത്തണമേ.

അവനിയിലങ്ങേ പാവനനാമം
കീർത്തിച്ചവരെ മറക്കരുതേ;
അവനിയിലങ്ങേ ദിവ്യശരീരം
കൈക്കൊണ്ടവരെ ത്യജിക്കരുതേ.

കാർമ്മികൻ കുർബാനയാരംഭിക്കുന്നു.

**കാർമ്മി:** പിതാവിൻെറയും ✠ പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ.

**സമൂ:** ആമ്മേൻ.

## ഗാനം

**കാർമ്മി:** ഉന്നതങ്ങളിൽ മഹേശ്വരന്നു കീർത്തനം,

**സമൂ:** നരനു ഭൂമിയിൽ ശാന്തിയും പ്രത്യാശയും.

**കാർമ്മി:** സ്വർഗ്ഗസ്ഥിതനാം നിത്യപിതാവേ,
നിൻതിരുനാമം വാഴ്ത്തപ്പെടണം.

**സമൂ:** പരിപാവനമാം നിന്നുടെ രാജ്യം
മഹിമയൊട്ടലകിൽ വന്നീടേണം.

**കാർമ്മി:** സ്വർഗ്ഗതലത്തെന്നതുപോലങ്ങേ
ഇഷ്ടംധരയിൽ നിറവേറേണം.

**സമൂ:** ആവശ്യകമാമന്നദിനഭോജ്യം
ഞങ്ങൾക്കലിവായ് നല്കീടണമേ.

**കാർമ്മി:** ഞങ്ങൾ പൊറുക്കുന്നതുപോൽ നാഥാ,
ഞങ്ങൾക്കും നീ പൊറുതി തരേണം:

**സമൂ:** വിനകളിൽ വീഴാൻ കൈവെടിയരുതേ,
തിന്മയിൽനിന്നും രക്ഷിക്കണമേ.

**കാർമ്മി**: ഞങ്ങളുടെ കർത്താവായ ദൈവമേ, വാത്സല്യപൂർവ്വം ഞങ്ങളെ സന്ദർശിക്കയും, കാരുണ്യപൂർവ്വം ഞങ്ങളെ സംരക്ഷിക്കയും ചെയ്യണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ നിത്യാനന്ദത്തിലേയ്ക്കു പ്രവേശിപ്പിക്കണമേ. എന്തുകൊണ്ടെന്നാൽ അങ്ങ് ആകാശത്തിന്റെയും ഭൂമിയുടെയും രാജാവാകുന്നു. ജീവന്റെയും മരണത്തിന്റെയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

**സമൂ**: ആമ്മേൻ.

## സങ്കീർത്തനം (129)

**കാർമ്മി**: ആഴത്തിൽനിന്നു ഞാൻ
ആർദ്രമായ് കേഴുന്നു;
ദൈവമേ, എന്നെ നീ കേൾക്കേണമേ.

**സമൂ**: പാപങ്ങളെല്ലാം നീ
ഓർത്തിരുന്നാൽ നാഥാ,
ആരാരീലോകത്തിൽ രക്ഷനേടും?

**കാർമ്മി**: പാപത്തിൻമോചനം
നിന്നിൽ ഞാൻ തേടുന്നു;
നീയാണെൻ മോക്ഷവും പ്രത്യാശയും.

**സമൂ**: പുലരുവാൻ കാക്കുന്ന
കാവൽക്കാരെന്നപോൽ
സകലേശാ, നിന്നെ ഞാൻ കാത്തിരിപ്പൂ.

**കാർമ്മി**: പാപങ്ങൾ മോചിക്കും
കാരുണ്യവാരിധേ,
ആത്മാക്കൾക്കാശ്വാസം നല്കേണമേ.

കാർമ്മികൻ താഴെ വരുന്ന പ്രാർത്ഥന ചൊല്ലി ധൂപം വാഴ്ത്തുന്നു.

**കാർമ്മി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, അങ്ങയുടെ പ്രസാദത്തിനും മനുഷ്യവർഗ്ഗത്തിന്റെ പാപമോചനത്തിനുമായി ഞങ്ങൾ സമർപ്പിക്കുന്ന ഈ ധൂപം അങ്ങയുടെ ആരാദ്ധ്യമായ ത്രിത്വത്തിന്റെ നാമത്തിൽ ✠ ആശീർവ്വദിക്കണമേ.

**സമൂ:** ആമ്മേൻ.

ശുശ്രൂഷി മദ്ബഹാ ധൂപിക്കുന്നു.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങു ഞങ്ങൾക്കു ചെയ്തിട്ടുള്ള സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കും പ്രതിനന്ദി പ്രകാശിപ്പിക്കുവാൻ ഞങ്ങൾ അശക്തരെങ്കിലും അനുഗ്രഹസമ്പന്നമായ സഭയിൽ ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും, നിരന്തരം പുകഴ്ത്തുകയും ചെയ്യുന്നു.

**സമൂ:** ആമ്മേൻ.

**കാർമ്മി:** സർവ്വാധിപനാം കർത്താവേ,
നിന്നെ വണങ്ങിനമിക്കുന്നു;
ഈശോനാഥാ, വിനയമൊടേ
നിന്നെ നമിച്ചുപുകഴ്ത്തുന്നു.

**സമൂ:** മർത്ത്യനു നിത്യമനോഹരമാ-
മുത്ഥാനം നീയരുളുന്നു.
അക്ഷയമവനുടെയാത്മാവി-
ന്നുത്തമരക്ഷയുമേകുന്നു.

**കാർമ്മി:** സകലത്തിൻെറയും നാഥാ, അങ്ങു സത്യമായും ഞങ്ങളുടെ ശരീരങ്ങളെ ഉയിർപ്പിക്കുന്നവനും, ആത്മാക്കളെ രക്ഷിക്കുന്നവനും, ജീവനെ നിത്യം പരിപാലിക്കുന്നവനുമാകുന്നു. അങ്ങയെ ആരാധിക്കുവാനും പുകഴ്ത്തുവാനും ഞങ്ങൾ എന്നും കടപ്പെട്ടവരാകുന്നു.

**സമൂ:** ആമ്മേൻ.

**ശുശ്രൂ:** ശബ്ദമുയർത്തിപ്പാടിടുവിൻ
സർവ്വരുമൊന്നായ് പ്പാടിടുവിൻ:
എന്നെന്നും ജീവിക്കും
സർവ്വേശ്വരനെ വാഴ്ത്തിടുവിൻ.

**സമൂ:** സർവ്വേശാ, നീ പരിശുദ്ധൻ,
ബലവാനേ, നീ പരിശുദ്ധൻ;
നിത്യനമർത്ത്യൻ പരിശുദ്ധൻ
നിൻകൃപ ഞങ്ങൾക്കേകണമേ.

**കാർമ്മി:** വിശുദ്ധരിൽ സംപ്രീതനായി വസിക്കുന്ന പരിശുദ്ധനും സ്തുത്യർഹനും ബലവാനും അമർത്ത്യനുമായ കർത്താവേ, കാരുണ്യപൂർവ്വം ഞങ്ങളെ കടാക്ഷിക്കയും അനുഗ്രഹിക്കയും ചെയ്യണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** ആമ്മേൻ.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, ജീവദായകമായ ദിവ്യസന്ദേശം ശ്രവിക്കുന്നതിനും ഗ്രഹിക്കുന്നതിനും ഞങ്ങളുടെ ബുദ്ധിയേയും മനസ്സിനേയും പ്രകാശിപ്പി

ക്കണമേ. അതുവഴി സ്നേഹവും ശരണവും ഞങ്ങളിൽ വർദ്ധിക്കുവാനും ഞങ്ങൾ രക്ഷപ്രാപിച്ചു നിരന്തരം അങ്ങയെ സ്തുതിക്കുവാനും ഞങ്ങളെ സഹായിക്കണമേ.

**സമൂ:** ആമ്മേൻ.

ശുശ്രൂഷി ക്രമപ്രകാരം ലേഖനം വായിക്കുന്നു.

ലേഖനങ്ങൾ:
I തെസ. 4: 13-18
റോമാ. 8: 10-14
I കൊറി. 15: 19-26

ലേഖനം വായിച്ചുകഴിയുമ്പോൾ കാർമ്മികൻ താഴെ വരുന്ന വാചകം ചൊല്ലി ധൂപം വാഴ്ത്തുന്നു.

**കാർമ്മി:** കർത്താവേ, അങ്ങയുടെ സ്തുതിക്കും ഞങ്ങളുടെ പാപമോചനത്തിനുമായി ഈ സുഗന്ധദ്രവ്യം ഞങ്ങൾ സമർപ്പിക്കുന്നു. പാപിനിയായ മറിയം അങ്ങയുടെ ശിരസ്സിൽ പൂശിയ സുഗന്ധതൈലത്തിന്റെ പരിമളം ഇതിൽ ✠ കലരട്ടെ.

കാർമ്മികൻ സുവിശേഷപ്പുസ്തകം ധൂപിച്ചശേഷം അതു് ഉയർത്തിപ്പിടിച്ചു താഴെ വരുന്ന പാട്ടുപാടുന്നു.

**കാർമ്മി:** സുവിശേഷവെളിച്ചത്താൽ
ഇരുളെല്ലാം നീക്കിടുവാൻ
അവതാരംചെയ്തവനെ
കൈക്കൂപ്പി വണങ്ങിടുവിൻ.

**സമൂ:** കത്താവേ. ധരണിയിൽനിൻ
സാക്ഷികളായ് ത്തീന്നിട്ടവാൻ
ഞങ്ങളിൽനിൻ സുവിശേഷം
പൂങ്കിരണം ചൊരിയട്ടെ.

**ശുശ്രൂ:** നമുക്കു ശ്രദ്ധാപൂർവ്വം നിന്നു വിശുദ്ധ സുവിശേഷം ശ്രവിക്കാം.

**കാർമ്മി:** നിങ്ങൾക്കു് ✠ സമാധാനം.

**സമൂ:** അങ്ങേയ്ക്കും സമാധാനം,

**കാർമ്മി:** വിശുദ്ധ........ എഴുതിയ നമ്മുടെ കർത്താവീശോമിശിഹായുടെ സുവിശേഷം.

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

കാർമ്മികൻ സുവിശേഷം വായിക്കുന്നു. തത്സമയം ശുശ്രൂഷി ധൂപം വീശിക്കൊണ്ടിരിക്കുന്നു.

സുവിശേഷം

യോഹ. 5:24-29 1 Cor. 15: 13-22
യോഹ. 11:17-45
മത്താ. 25:31-46
യോഹ. 14:1-6
മത്താ. 25:1-13
വായന കഴിയുമ്പോൾ

**സമൂ:** നമ്മുടെ കർത്താവായ മിശിഹായ്ക്കു സ്തുതി.

## കാറോസൂസ

**ശുശ്രൂ:** നമുക്കെല്ലാവർക്കും വിശ്വാസത്തോടും പ്രതീക്ഷയോടുംകൂടെ നിന്നു കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നു് അപേക്ഷിക്കാം.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**ശുശ്രൂ:** ഞങ്ങളിൽനിന്നു വേർപെട്ടുപോയിരിക്കുന്ന ഞങ്ങളുടെ സഹോദരൻ (സഹോദരി) ............നെ നിത്യാനന്ദത്തിനു് അർഹനാ (യാ) കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ....

**ശുശ്രൂ:** അങ്ങയുടെ രക്തത്താൽ രക്ഷിക്കപ്പെട്ട ഈ ആത്മാവിന്റെ പാപങ്ങളും അപരാധങ്ങളും കാരുണ്യപൂർവ്വം ക്ഷമിക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ....

**ശുശ്രൂ:** അങ്ങയുടെ ശരീരരക്തങ്ങളാൽ പരിപുഷ്ടി പ്രാപിച്ചു് മരണനിദ്രയിൽ ലയിച്ച ഈ ആളിന്റെ ആത്മാവിനെ നിത്യജീവൻ നൽകി അനുഗ്രഹിക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ....

**ശുശ്രൂ:** കരുണാനിധിയും പാപങ്ങൾ പൊറുക്കുന്നവനുമായ കർത്താവേ, ശുദ്ധീകരണത്തിൻെറ നാളുകൾ ചുരുക്കി ഈ ആത്മാവിനെ നിത്യമഹത്വമണിയിക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ....

**കാർമ്മി:** കർത്താവേ, ബലവാനായ ദൈവമേ, മരിച്ചവരെ കരുണാപൂർവ്വം കടാക്ഷിക്കണമേ; ജീവിക്കുന്നവരെ ദയാപൂർവ്വം പരിപാലിക്കണമേ. ഉത്ഥാനം പ്രതീക്ഷിച്ചു മരണമടഞ്ഞവരെ സ്വർഗ്ഗരാജ്യത്തിലേയ്ക്കു പ്രവേശിപ്പിക്കയും ചെയ്യണമേ.

**സമൂ:** ആമ്മേൻ.

**ശുശ്രൂ:** നമുക്കു തല കുനിച്ചു് ആശീർവ്വാദം സ്വീകരിക്കാം.

**കാർമ്മി:** കർത്താവായ ദൈവമേ, സാർവ്വത്രികവും ശ്ലൈഹികവുമായ സഭയിൽ അങ്ങയുടെ കരുണയേറിയ വലംകൈ നീട്ടണമേ. രഹസ്യവും പരസ്യവുമായ എല്ലാ വിപത്തുകളിലുംനിന്നു് അതിനെ സംരക്ഷിക്കണമേ. ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടും കൂടെ അങ്ങയുടെ മുമ്പാകെ ശുശ്രൂഷചെയ്യുവാൻ ഞങ്ങളെ യോഗ്യരാക്കണമേ.

ജനങ്ങളുടെ നേരേ തിരിഞ്ഞു കൈ നീട്ടിപ്പിടിച്ചുകൊണ്ടു്

ഞങ്ങളേയും അങ്ങയുടെ സ്വന്തമായ ഈ ജനത്തേയും സമൃദ്ധമായി അനുഗ്രഹിക്കണമേ.

കാർമ്മികൻ തുടരുന്നു

എന്റെ കർത്താവേ, കരുണാനിധിയായ നിന്നെ പ്രസാദിപ്പിക്കുന്ന സൽപ്രവൃത്തികളാൽ ഞങ്ങളെല്ലാവരും ദൈവമായ നിന്നെ പ്രീതിപ്പെടുത്തട്ടെ. സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിനക്കു സമർപ്പിക്കുവാൻ ഞങ്ങൾ യോഗ്യരാവുകയും ചെയ്യട്ടെ.

**സമൂ:** ആമ്മേൻ.

## ഗാനം

**കാർമ്മി:** വിശ്വസിക്കുന്നു ഞങ്ങൾ
ദൃശ്യാദൃശ്യങ്ങൾ സർവ്വവും സൃഷ്ടിച്ച
താതനാം ദൈവത്തിൽ
വിശ്വസിക്കുന്നു ഞങ്ങൾ

സമൂഹം തുടർന്നു പാടുമ്പോൾ കാർമ്മികൻ ബാക്കി ഭാഗം ചൊല്ലിത്തീർക്കുന്നു. അനന്തരം 'മനസ്സാക്ഷിയെ നിർമ്മലമാക്കിക്കൊണ്ടും' എന്ന പ്രാർത്ഥന ചൊല്ലി കുർബാന തുടരുന്നു.

**സമൂ:** താതനാം ദൈവത്തിനേകതനയനാം
ഈശോമിശിഹായിൽ വിശ്വസിക്കുന്നു ഞങ്ങൾ
സൃഷ്ടിയല്ലാ, സർവ്വസൃഷ്ടികൾക്കും മുമ്പു
താതനിൽനിന്നവൻ ആദിയിൽ ജാതനായി.

വിശ്വസിക്കുന്നു ഞങ്ങൾ
ദൈവത്തിൽനിന്നുള്ള ദൈവമാണീസുതൻ
സത്തയിൽതാതനുമായ് ഐക്യത്തിൽ വാണിടുന്നു;
ലോകവും ലോകത്തിലുണ്ടായ വസ്തുക്ക-
ളെല്ലാം തീർത്തതീ പുത്രൻമൂലമല്ലോ:
മർത്ത്യകുലത്തിനു രക്ഷയേകീടുവാൻ
സ്വർഗ്ഗത്തിൽനിന്നവൻ മർത്ത്യനായ് വന്നു ഭുവിൽ.

വിശ്വസിക്കുന്നു ഞങ്ങൾ
പാവനാത്മാവിനാൽ കന്യാസൂനുവായ്
മേരിയിൽനിന്നവൻ ഭൂമിയിൽ ജാതനായി;
പീലാത്തോസിൻെറ കാലത്തുനിസ്തുല-
പീഡകളേററവൻ ക്രൂശിതനായ്മരിച്ചു:
കല്ലറയിൽനിന്നു മൂന്നാംദിനമവൻ
ഉത്ഥാനംചെയ്തു സ്വർഗ്ഗത്തിലേയ്ക്കുയന്നു.

വിശ്വസിക്കുന്നു ഞങ്ങൾ
നിത്യനാംതാതൻെറ വലതുഭാഗത്തവൻ
വിജയപ്രതാപനായ് സിംഹാസനസ്ഥനായി:
ജീവനുള്ളോരെയും മൃതരേയുമന്ത്യത്തിൽ
മുറപോൽവിധിക്കുവാനായണയും വിയത്തിൽ
വീണ്ടും
ജീവൻനൽകുന്ന സത്യാത്മരൂപിയാം
പാവനാത്മാവിലും വിശ്വസിക്കുന്നു ഞങ്ങൾ.

വിശ്വസിക്കുന്നു ഞങ്ങൾ
സാർവ്വജനീനമായ് പരിശുദ്ധമേകമാം
ശ്ലൈഹികസഭയിലും വിശ്വസിക്കുന്നു ഞങ്ങൾ
പാപത്തിനെല്ലാം മോചനം നൽകുന്ന
മാമ്മോദീസായിൽ വിശ്വസിക്കുന്നു ഞങ്ങൾ
മർത്ത്യകുലത്തിൻെറ അന്തിമോത്ഥാനവും
നിത്യമാംജീവനും വിശ്വസിക്കുന്നു ഞങ്ങൾ.

വിശ്വസിക്കുന്നു...

**കാർമ്മി:** മനസ്സാക്ഷിയെ നിർമ്മലമാക്കിക്കൊണ്ടും, ഹൃദയത്തെ വെടിപ്പാക്കിക്കൊണ്ടും വിശുദ്ധസ്ഥലത്തു പ്രവേശിച്ചു ബലിപീഠത്തിനു മുമ്പിൽ ഭക്തിയോടെ വ്യാപ

രിക്കുവാൻ, കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ. ആദ്ധ്യാത്മികവും, മനുഷ്യപ്രകൃതിക്കു ചേർന്നതുമായ ബലികൾ യഥാർത്ഥ വിശ്വാസത്തോടെ അങ്ങേയ്ക്കു് അർപ്പിക്കുവാൻ ഞങ്ങളെ യോഗ്യരാക്കുകയും ചെയ്യണമേ.

താഴെ വരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടു മൂന്നുപ്രാവശ്യം വന്ദനംചെയ്തു്, കാർമ്മികൻ ബലിപീഠത്തെ സമീപിച്ചു മദ്ധ്യത്തിലും രണ്ടറ്റത്തും ചുംബിക്കുന്നു.

**കാർമ്മി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, സ്വർഗ്ഗത്തിൻേറയും ഭൂമിയുടേയും നാഥനായ എൻെറ പിതാവേ, അങ്ങയെ ഞാൻ സ്തുതിക്കുന്നു. അങ്ങയുടെ അഭിഷിക്തൻെറ ശരീരരക്തങ്ങളുടെ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവുമായ ഈ ബലി അർപ്പിക്കുവാൻ പാപിയായ എന്നെ കാരുണ്യപൂർവ്വം അങ്ങു യോഗ്യനാക്കി. ഇതുവഴി കടങ്ങളുടെ പൊറുതിയും പാപങ്ങളുടെ മോചനവും ആത്മാക്കളുടെ രക്ഷയും, ലോകം മുഴുവനിലും സമാധാനവും സഭകൾക്കെല്ലാം ശാന്തിയും കൈവരട്ടെ.

കാസാ ധൂപിച്ചു വീഞ്ഞും വെള്ളവും ഒഴിക്കുന്നു. വെള്ളം ഒഴിക്കുമ്പോൾ

**കാർമ്മി:** പടയാളികളിൽ ഒരുവൻ വന്നു നമ്മുടെ കർത്താവിൻെറ തിരുവിലാവിൽ കുന്തംകൊണ്ടു കുത്തി. ഉടനെ രക്തവും വെള്ളവും പുറപ്പെട്ടു. അതു കണ്ടയാൾ തന്നെ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ആ സാക്ഷ്യം സത്യവുമാകുന്നു. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ ആമ്മേൻ.

പീലാസ ധൂപിച്ച്, അപ്പമെടുത്തു കുരിശാകൃതിയിൽ റുശ്മാചെയ്തു് അതിൽ വയ്ക്കുന്നു. അനന്തരം കൈകഴുകുന്നു.

**കാർമ്മി:** സകലത്തിൻെറയും നാഥനായ ദൈവം തൻെറ അനുഗ്രഹമാകുന്ന ജലത്താൽ നമ്മുടെ പാപങ്ങളുടെ കറ കഴുകിക്കളയട്ടെ.

**ശുശ്രൂ:** കർത്താവു തൻെറ കൃപയാലും അനുഗ്രഹത്താലും നമ്മുടെ പാപങ്ങളുടെ മാലിന്യം തുടച്ചുനീക്കുകയും ചെയ്യട്ടെ.

വിശ്വാസപ്രമാണം പാടിത്തീരുമ്പോൾ കാർമ്മികൻ താഴെ വരുന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടു പീലാസ കൈയിൽ എടുക്കുന്നു.

**കാർമ്മി:** നിൻെറ ദാസൻെറ ആത്മാവിനെ സന്തോഷിപ്പിക്കണമേ.

**സമൂ:** കാരുണ്യവാനായ കർത്താവേ, മരിച്ചവർക്കു വേണ്ടി ഞങ്ങൾ അർപ്പിക്കുന്ന ഈ ബലി ദയവോടെ കൈക്കൊള്ളണമേ. അവരുടെ കടങ്ങളും പാപങ്ങളും മോചിച്ച് സ്വർഗ്ഗഭാഗ്യത്തിനു് അവരെ അർഹരാക്കണമേ. അങ്ങേ തിരുശ്ശരീരരക്തങ്ങളാൽ പരിപോഷിപ്പിക്കപ്പെട്ട ഇവരുടെ ആത്മാക്കളെ പ്രകാശത്തിൻെറ മണിയറയിലേയ്ക്കു് ആനയിക്കുകയും ചെയ്യണമേ.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** അങ്ങേ ആരാധ്യമായ ത്രിതപത്തെ എപ്പോഴും എന്നേയ്ക്കും ഞങ്ങൾ സ്തുതിക്കും.

**സമൂ:** ആമ്മേൻ.

കാർമ്മികൻ കാസയും പീലാസയും കുരിശാകൃതിയിൽ ഉയർത്തിപ്പിടിച്ചുകൊണ്ടു താഴെ കാണുന്ന പാട്ടു പാടുന്നു.

## ഗാനം

**കാർമ്മി:** നിത്യപിതാവേ, കൈക്കൊള്ളണമേ
ഞങ്ങളണയ്ക്കും ദിവ്യബലി;
നിൻതിരുസുതനാമീശോവഴിയായ്
കൈക്കൊള്ളണമീ ദിവ്യബലി.

**സമൂ:** നിത്യപിതാവേ, കൈക്കൊള്ളണമേ
ഞങ്ങളണയ്ക്കും ദിവ്യബലി;
നിൻതിരുസുതനാമീശോവഴിയായ്
കൈക്കൊള്ളണമീ ദിവ്യബലി

ഞങ്ങളെയൊന്നായ് നിൻതിരുമുമ്പിൽ
കാഴ്ചയണയ്ക്കുന്നാദരവായ്
ദിവ്യനിണത്താൽ മർത്ത്യഗണത്തിൻ
മലിനതയെല്ലാം കഴുകണമേ.
നിത്യ....

സമൂഹം 'നിത്യപിതാവേ...' പാടിത്തുടങ്ങുമ്പോൾ കാർമ്മികൻ കൈകൾ താഴ്ത്തി പീലാസകൊണ്ടു കാസയുടെ ചുവട്ടിൽ മൂന്നു പ്രാവശ്യം മുട്ടി രണ്ടും താഴെ വയ്ക്കുന്നു. തുടർന്നുള്ള പ്രാർത്ഥനകൾ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

**കാർമ്മി:** ഞങ്ങളുടെ ദൈവമായ കർത്താവേ, മിശിഹായുടെ മഹത്വമേറിയ രണ്ടാമത്തെ ആഗമനംവരെ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ ബലി അർപ്പിക്കപ്പെടണം എന്ന കല്പനയനുസരിച്ച് വിശുദ്ധ ബലിപീഠത്തിന്മേൽ ഇവ സജ്ജീകരിക്കപ്പെടുന്നു. അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും എപ്പോഴും ഉണ്ടായിരിക്കട്ടെ.

**ശുശ്രൂ:** ആമ്മേൻ.

കാസയും പീലാസയും ശോശപ്പകൊണ്ടു മൂടുന്നു.

**കാർമ്മി:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി. ദൈവമാതാവായ കന്യകാമറിയത്തെയും നീതിമാനായ മാർ യൗസേപ്പിനെയും ബലിപീഠത്തിങ്കൽ നമുക്ക് അനുസ്മരിക്കാം.

**ശുശ്രൂ:** ആദിമുതൽ എന്നേയ്ക്കും ആമ്മേൻ. ദൈവപുത്രൻെറ ശ്ലീഹന്മാരേ, ഏകജാതൻെറ സ്നേഹിതരേ, സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കുവിൻ.

**കാർമ്മി:** ജനങ്ങളെല്ലാം ആമ്മേൻ എന്നു് ഉദ്ഘോഷിക്കട്ടെ. നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായെയും, മകുടംചൂടിയ രക്തസാക്ഷികളെയും, വിജയംവരിച്ച നീതിമാന്മാരെയും ബലിപീഠത്തിങ്കൽ നമുക്കു അനുസ്മരിക്കാം.

**ശുശ്രൂ:** ബലവാനായ കർത്താവു നമ്മോടുകൂടെ. നമ്മുടെ രാജാവു നമ്മോടുകൂടെ. നമ്മുടെ ദൈവം നമ്മോടുകൂടെ. യാക്കോബിൻെറ ദൈവം നമ്മുടെ സഹായിയും.

**കാർമ്മി:** അങ്ങേ മഹനീയമായ ഉത്ഥാനംവഴി അങ്ങു മഹത്വത്തോടെ ഉയിർപ്പിക്കുമെന്ന പ്രതീക്ഷയിൽ മരിച്ചവരെല്ലാം നിദ്രചെയ്യുന്നു.

**ശുശ്രൂ:** ഉപവാസത്താലും പ്രാർത്ഥനയാലും പാപത്തെക്കുറിച്ചുള്ള പശ്ചാത്താപത്താലും മിശിഹായെയും അവിടത്തെ പിതാവിനെയും, പരിശുദ്ധാത്മാവിനെയും നമുക്കു പ്രസാദിപ്പിക്കാം.

പാട്ടു തീരുമ്പോൾ ഉയർന്ന സ്വരത്തിൽ

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങളിൽ വർഷിച്ച അനുഗ്രഹങ്ങളെക്കുറിച്ച് അങ്ങേയ്ക്കു ഞങ്ങൾ നന്ദി പറയുന്നു. അയോഗ്യരും പാപികളുമായിരുന്നിട്ടും അങ്ങയുടെ അഭിഷിക്തന്റെ ശരീരരക്തങ്ങളുടെ പരികർമ്മത്തിനു ബലഹീനരായ ഞങ്ങളെ അങ്ങു കാരുണ്യപൂർവ്വം യോഗ്യരാക്കി. ഞങ്ങൾക്കു നൽകിയ ഈ ദാനങ്ങളെ തികഞ്ഞ സ്നേഹത്തോടും ഉറച്ച വിശ്വാസത്തോടുംകൂടെ കൈകാര്യം ചെയ്യുവാൻ ഞങ്ങളെ ശക്തരാക്കണമെന്ന് അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു.

കൈകൾ കുരിശാകൃതിയിൽ നെഞ്ചിൽ ചേർത്ത്

ഞങ്ങൾ അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

✠ കുരിശു വരയ്ക്കുന്നു.

**സമൂ:** ആമ്മേൻ

**കാർമ്മി:** നിങ്ങൾക്കു ✠ സമാധാനം

**സമൂ:** അങ്ങേയ്ക്കും സമാധാനം

ശുശ്രൂഷി കാർമ്മികനിൽനിന്നു് 'ശ്ലാമ്മാ' വാങ്ങി ജനങ്ങളുടെനേരെ തിരിഞ്ഞു നില്ക്കുന്നു.

**ശുശ്രൂ:** സഹോദരരേ, മിശിഹായുടെ സ്നേഹത്തിൽ പരസ്പരം സമാധാനം ആശംസിക്കുവിൻ.

വിശ്വാസികൾക്കു 'ശ്ലാമ്മ' നൽകുന്നു.

**ശുശ്രൂ:** നമുക്കെല്ലാവർക്കും അനുതാപത്തോടും വിശുദ്ധിയോടുംകൂടെ കർത്താവിനെ സ്തുതിച്ചുകൊണ്ടു പ്രാർത്ഥിക്കാം. ആരാധ്യമായ ദിവ്യരഹസ്യങ്ങളിൽ നമുക്കു ഭക്തിപൂർവ്വം പങ്കുകൊള്ളാം. തന്റെ മാദ്ധ്യസ്ഥ്യംവഴി സമാധാനം സമൃദ്ധമാകുന്നതിനുവേണ്ടി പുരോഹിതൻ പ്രാർത്ഥിക്കുവാൻ തുടങ്ങുന്നു. ചിന്തകൾ സ്വർഗ്ഗത്തിലേയ്ക്കുയർത്തി തീക്ഷ്ണതയോടും ഉത്സാഹത്തോടുംകൂടെ ആദരപൂർവ്വം നമുക്കു പ്രാർത്ഥിക്കാം. നമുക്കു സമാധാനം.

## ധൂപാർപ്പണഗാനം

**സമൂ:** മിശിഹാകർത്താവേ, നരകുലപാലകനേ,
ഞങ്ങളണച്ചിടുമീ പ്രാർത്ഥനതിരുമുമ്പിൽ
പരിമളമിയലും ധൂപംപോൽ കൈക്കൊണ്ടരുളേണം.

തത്സമയം കാർമ്മികൻ താഴെ വരുന്ന പ്രാർത്ഥനകൾ താഴ്ന്ന സ്വരത്തിൽ ചൊല്ലിക്കൊണ്ടു ശോശപ്പാ മടക്കി ബലിവസ്തുക്കൾക്കു ചുറ്റും വയ്ക്കുന്നു.

**കാർമ്മി:** കർത്താവേ, ബലവാനായ ദൈവമേ, കാരുണ്യപൂർവം എന്നെ സഹായിക്കണമേ. ആരാധ്യമായ

ത്രിത്വത്തിന്റെ സ്തുതിക്കും, സഭയുടെ നന്മയ്ക്കുംവേണ്ടി സജീവവും വിശുദ്ധവുമായ ഈ ബലി അർപ്പിക്കുവാൻ എന്നെ യോഗ്യനാക്കണമേ.

കർത്താവേ, അങ്ങയുടെ ശരീരത്തിനും രക്തത്തിനും സ്നേഹപൂർവ്വം അങ്ങ് എന്നെ യോഗ്യനാക്കി. അപ്രകാരം തന്നെ വിധിദിവസത്തിൽ അങ്ങയുടെ സംപ്രീതിക്കും എന്നെ യോഗ്യനാക്കണമേ.

കാർമ്മികൻ ധൂപം വാഴ്ത്തി ബലിവസ്തുക്കളും ബലിപീഠവും ധൂപിക്കുന്നു.

**കാർമ്മി:** (ഉയർന്ന സ്വരത്തിൽ) നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും, പിതാവായ ദൈവത്തിന്റെ സ്നേഹവും, പരിശുദ്ധാത്മാവിന്റെ സംസർഗ്ഗവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ. ഇപ്പോഴും ✠ എപ്പോഴും എന്നേയ്ക്കും.

**സമൂ:** ആമ്മേൻ

**കാർമ്മി:** (കൈകൾ ഉയർത്തി) നിങ്ങളുടെ വിചാരങ്ങൾ ഉന്നതത്തിലേയ്ക്ക് ഉയരട്ടെ.

**സമൂ:** അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും ഇസ്രായേലിന്റെയും ദൈവമേ, ആരാധ്യനായ രാജാവേ, അങ്ങയുടെ പക്കലേയ്ക്ക്.

**കാർമ്മി:** സകലത്തിന്റേയും നാഥനായ ദൈവത്തിനു കുർബാനയർപ്പിക്കപ്പെടുന്നു.

**സമൂ:** അതു തികച്ചും ഉചിതമാകുന്നു.

4

**കാർമ്മി:** കർത്താവേ, ഞങ്ങളുടെ മനസ്സിനെ എല്ലാ അശുദ്ധതയിലും ദുഷ്ടതയിലും അസൂയയിലും വഞ്ചനയിലും നിന്നു വിമുക്തമാക്കണമേ. പരസ്പരസ്നേഹവും ഐക്യവും ഞങ്ങളിൽ ഉളവാക്കണമേ. വിശുദ്ധവും സജീവവുമായ ഈ തിരുക്കർമ്മം പ്രത്യാശാപൂർവം അനുഷ്ഠിക്കുവാൻ ഞങ്ങൾക്കു് ആത്മധൈര്യം നൽകുകയും ചെയ്യണമേ.

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മഹത്വമേറിയ ത്രിത്വത്തിന്റെ ആരാധ്യവും മഹനീയവുമായ നാമം എല്ലാ സൃഷ്ടികളിലുംനിന്നു് ആരാധനയും കൃതജ്ഞതയും അർഹിക്കുന്നു. എന്തുകൊണ്ടെന്നാൽ അവിടന്നു ലോകത്തെയും, അതിലുള്ള സകലത്തെയും കനിവോടെ സൃഷ്ടിക്കയും, മനുഷ്യഗണത്തോടു കരുണകാണിക്കയും ചെയ്തു. സ്വർഗ്ഗവാസികളുടെ ആയിരങ്ങളും, മാലാഖമാരുടെ പതിനായിരങ്ങളും മഹോന്നതനായ അങ്ങയെ കുമ്പിട്ടാരാധിക്കുന്നു. അഗ്നിമയന്മാരും അരൂപികളുമായ സ്വർഗ്ഗീയസൈന്യങ്ങൾ അങ്ങയുടെ നാമം പ്രകീർത്തിക്കുന്നു. പരിശുദ്ധരും അരൂപികളുമായ ക്രോവേമാരോടും സ്രാപ്പേമാരോടും ചേർന്നു നാഥനായ അങ്ങേയ്ക്കു് അവർ ആരാധന സമർപ്പിക്കുന്നു.

കൈകൾ ഉയർത്തി

ഉയർന്ന സ്വരത്തിൽ ഇടവിടാതെ സ്തുതിച്ചുകൊണ്ടു് അവർ ഒന്നുചേർന്നു് ഉൽഘോഷിക്കുകയും ചെയ്യുന്നു.

## ഗാനം

**സമൂ:** പരിശുദ്ധൻ, നിത്യം പരിശുദ്ധൻ
ബലവാനാം ദൈവം പരിശുദ്ധൻ:
നാഥാ, നിൻ കീർത്തനഗീതികളാൽ
നിറയുന്നു വിണ്ണും ഭൂതലവും

ഉന്നതവീഥിയിലോശാന
ദാവീദിൻ സുതനോശാന:
കർത്താവിൻ തിരുനാമത്തിൽ
വന്നവനെ വാഴ്ത്തിപ്പാടീടാം
ഓശാന...

സമൂഹം പാട്ടുപാടുമ്പോൾ കാർമ്മികൻ താഴെക്കാണുന്ന പ്രാർത്ഥനകൾ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

**കാർമ്മി:** ദൈവമേ, അങ്ങു പരിശുദ്ധനാകുന്നു. അങ്ങുമാത്രമാകുന്നു യഥാർത്ഥപിതാവ്. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ള എല്ലാ പിതൃത്വവും അങ്ങിൽനിന്നാകുന്നു. നിത്യനായ പുത്രാ അങ്ങു പരിശുദ്ധനാകുന്നു. സമസ്തവും അങ്ങുവഴി സൃഷ്ടിക്കപ്പെട്ടു. റൂഹാദക്കുദശായേ, അങ്ങു പരിശുദ്ധനാകുന്നു. സകലവും അങ്ങുവഴി പവിത്രീകരിക്കപ്പെടുന്നു,

കൈ കോർത്തുപിടിച്ചുകൊണ്ട്

എൻെറ സ്ഥിതി എത്ര ദുർഭഗം! ഞാൻ അസ്വസ്ഥനായിരിക്കുന്നു. കാരണം എൻെറ അധരങ്ങൾ അശുദ്ധമാകുന്നു. അശുദ്ധമായ അധരങ്ങൾ ഉള്ളവരുടെ മദ്ധ്യേ ഞാൻ വസിക്കയും ചെയ്യുന്നു. ബലവാനും കർത്താവുമായ രാജാവിനെ എൻെറ നയനങ്ങൾ ദർശിച്ചു. കർത്താവിനെ ഇന്നു ഞാൻ അഭിമുഖമായിക്കണ്ട ഈ സ്ഥലം എത്ര ഭീതിജനകം! ഇതു ദൈവത്തിൻെറ ഭവനമല്ലാതെ മററൊന്നുമല്ല. കർത്താവേ, ഞങ്ങളുടെമേൽ കനിയണമേ. അശുദ്ധരായ ഞങ്ങളെ പവിത്രീകരിക്കണമേ. നിസ്സാരരായ ഞങ്ങളുടെ കീർത്തനങ്ങൾ സ്രാപ്പേന്മാരുടെയും മുഖ്യദൂതന്മാരുടെയും സ്തോത്രങ്ങളോടു ചേർക്കണമേ. ഭൂവാസികളെ സ്വർഗ്ഗവാസികളോടൊന്നിപ്പിച്ച അങ്ങയുടെ കാരുണ്യത്തിനു സ്തുതി.

പാട്ട തീരുമ്പോൾ

കർത്താവേ, ആശീർവദിക്കണമേ.

ജനങ്ങളുടെ നേരെ തിരിഞ്ഞു കൈകൾ
നീട്ടി വിടർത്തിക്കൊണ്ട്

എൻെറ സഹോദരരേ, ഈ കുർബാന എൻെറ കരങ്ങൾവഴി പൂർത്തിയാകുവാൻവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ.

ബലിപീഠത്തിലേയ്ക്കു തിരിയുന്നു.

**സമൂ:** ദൈവം ഈ കുർബാന സ്വീകരിക്കുകയും, അങ്ങയുടെ പൗരോഹിത്യത്തെ മഹത്വപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങേയ്ക്കുവേണ്ടിയും ഞങ്ങൾക്കുവേണ്ടിയും ലോകം മുഴുവനുവേണ്ടിയും അർപ്പിക്കപ്പെടുന്ന ഈ ബലിയിൽ അവിടന്നു സംപ്രീതനാവുകയും ചെയ്യട്ടെ.

**കാർമ്മി:** (കൈകൾ കൂപ്പി) കർത്താവേ, എളിയവരും ബലഹീനരുമായ ഈ ദാസരും സ്വർഗ്ഗീയഗണങ്ങളോട് ചേർന്ന് അങ്ങയെ സ്തുതിക്കുന്നു. എന്തുകൊണ്ടെന്നാൽ നന്ദിപ്രകാശിപ്പിക്കുവാൻ കഴിയാത്തവിധം അത്ര വലിയ അനുഗ്രഹമാണ് അങ്ങു ഞങ്ങൾക്കു നൽകിയിരിക്കുന്നത്. ഞങ്ങളുടെ ദൈവമായ കർത്താവേ, അങ്ങയുടെ ദൈവിക ജീവനിൽ ഞങ്ങളെ പങ്കുകാരാക്കുവാൻ അങ്ങു ഞങ്ങളുടെ മനുഷ്യസ്വഭാവം സ്വീകരിക്കയും, അധഃപതിച്ചുപോയ ഞങ്ങളെ സമുദ്ധരിക്കയും, മൃതരായ ഞങ്ങളെ ജീവിപ്പിക്കയുംചെയ്തു. പാപികളായ ഞങ്ങളെ കടങ്ങൾ പൊറുത്തു വിശുദ്ധീകരിച്ചു. ഞങ്ങളുടെ ബുദ്ധിക്കു പ്രകാശം നൽകി. ഞങ്ങളുടെ ശത്രുക്കളെ പരാജിതരാക്കി. ദുർബലരായ ഞങ്ങളെ അങ്ങയുടെ സമൃദ്ധമായ അനുഗ്രഹത്താൽ സമ്പന്നരാക്കുകയും ചെയ്തു.

അല്പനേരം മൗനം

കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയ പുത്രൻ ഞങ്ങളെ പഠിപ്പിച്ചതുപോലെ അവിടത്തെ പീഡാനുഭവത്തിൻെറ സ്മരണ ഞങ്ങൾ ആചരിക്കുന്നു. താൻ ഒററിക്കൊടുക്കപ്പെട്ട രാത്രിയിൽ അവിടന്നു നിർമ്മലമായ തൃക്കരങ്ങളിൽ അപ്പമെടുത്തു്

ഓസ്തി എടുക്കുന്നു

സ്വർഗ്ഗത്തിലേയ്ക്കു്, തൻെറ ആരാധ്യനായ പിതാവിൻെറ പക്കലേയ്ക്കു കണ്ണുകളുയർത്തി

കണ്ണുകൾ ഉയർത്തുന്നു

വാഴ്ത്തി, വിഭജിച്ചു ശിഷ്യന്മാർക്കു നല്കിക്കൊണ്ടു് അരുളിച്ചെയ്തു: ''ഇതു പാപമോചനത്തിനായി നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന എൻെറ ശരീരമാകുന്നു. നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി ഭക്ഷിക്കുവിൻ.''

**സമൂ:** ആമ്മേൻ

തിരുവോസ്തി ഉയർത്തിയശേഷം ബലിപീഠത്തിൽവച്ചു വന്ദനം ചെയ്യുന്നു.

**കാർമ്മി:** അപ്രകാരംതന്നെ കാസയുമെടുത്തു്

കാസ എടുക്കുന്നു

കൃതജ്ഞതാസ്തോത്രം ചെയ്തു് അവർക്കു നല്കിക്കൊണ്ടു് അരുളിച്ചെയ്തു: ''ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്ന പുതിയ ഉടമ്പടിയിലെ എൻെറ രക്തമാകുന്നു. നിങ്ങളെല്ലാവരും ഇതിൽനിന്നു വാങ്ങി പാനം ചെയ്യുവിൻ''.

**സമൂ:** ആമ്മേൻ

കാസ ഉയർത്തിയശേഷം വന്ദനം ചെയ്യുന്നു.

**കാർമ്മി:** ഞാൻ ഈ ചെയ്തതു നിങ്ങൾ എൻെറ നാമത്തിൽ ഒന്നിച്ചുകൂട്ടമ്പോൾ എൻെറ ഓർമ്മയ്ക്കായി ചെയ്യുവിൻ.

സമൂഹം താഴെക്കാണുന്ന പാട്ട പാടുന്നു. തുടർന്നുള്ള പ്രാർത്ഥനകൾ കാർമ്മികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

## ഗാനം

മർത്ത്യനെത്തേടിയണഞ്ഞവനേ,
മർത്ത്യനു മുക്തി പകർന്നവനേ,
അൾത്താരയിൽ ഞങ്ങളോർക്കുന്നു
കുരിശും നിൻ മരണവുമുത്ഥാനവും
മർത്ത്യനെ...

താതാ, നിൻ പുത്രനെ വീക്ഷിക്കണേ,
കുരിശിലെ യാഗം നീ കൈക്കൊള്ളണേ:
പാപങ്ങളെല്ലാം പൊറുക്കേണമേ;
സ്വർഗ്ഗീയവാതിൽ തുറക്കേണമേ.
മർത്ത്യനെ....

ദൈവമേ. നിൻ പ്രിയ സൂനുവിൻെറ
ശോണിതം ഞങ്ങൾക്കായ് കേണിടുന്നു;
ആ ദിവ്യരക്തത്തിൻ യോഗ്യതയാൽ
മോചനം ഞങ്ങൾക്കു നല്കീടണേ.
മർത്ത്യനെ...

**കാർമ്മി:** കർത്താവായ ദൈവമേ, ഈ മാതൃക പരമ്പരാഗതമായി സ്വീകരിച്ചു നിൻെറ നാമത്തിൽ ഒന്നിച്ചുകൂടി, ഇപ്പോൾ നിൻെറ സന്നിധിയിൽ നില്ക്കുന്ന എളിയവരും ബലഹീനരുമായ ഈ ദാസർ, ഞങ്ങളുടെ രക്ഷകനും നാഥനുമായ ഈശോമിശിഹായുടെ പീഡാനുഭവത്തിൻെറ

യും മരണത്തിൻെറയും സംസ്കാരത്തിൻെറയും ഉത്ഥാനത്തി ൻെറയും ആരാധ്യവും പരിശുദ്ധവും ജീവദായകവുമായ ഈ രഹസ്യത്തെ സന്തോഷത്തോടെ സ്മരിക്കയും സ്തുതിക്കയും അനുഷ്ഠിക്കയും ചെയ്യുന്നു. മഹനീയവും വിസ്മയാവഹവു മായ ഈ ദാനത്തെക്കുറിച്ചു മിശിഹായുടെ രക്തത്താൽ രക്ഷിക്കപ്പെട്ട സഭയിൽ സന്തോഷത്തോടെ പരസ്യമായി നിന്നെ ഞങ്ങൾ സ്തുതിക്കയും ചെയ്യുന്നു.

കൈകൾ ഉയർത്തി കൂപ്പിക്കൊണ്ട്

സജീവവും പരിശുദ്ധവും ജീവദായകവുമായ നിൻെറ നാമത്തിനു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാ ധനയും ഞങ്ങൾ സമർപ്പിക്കുന്നു. ഇപ്പോഴും എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

കൈകൾ വിരിച്ചുപിടിച്ചുകൊണ്ട്

**കാർമ്മി.** കർത്താവേ, ശക്തനായ ദൈവമേ, പ്രധാ നാചാര്യനും, സാർവ്വത്രികസഭയുടെ തലവനും ഭരണാധികാ രിയുമായ റോമായിലെ മാർ.... പാപ്പായ്ക്കുവേണ്ടിയും, ഞങ്ങ ളുടെ മേലദ്ധ്യക്ഷനും പിതാവുമായ മാർ.... മെത്രാപ്പോലീ ത്തായ്ക്കു (മെത്രാനു) വേണ്ടിയും, വിശുദ്ധ കത്തോലിക്കാസഭ മുഴവനുവേണ്ടിയും, പുരോഹിതന്മാർ, ഭരണകർത്താക്കൾ, മേലധികാരികൾ എന്നിവർക്കുവേണ്ടിയും, എല്ലാ പ്രവാചക ന്മാരുടെയും ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും വന്ദക രുടെയും ബഹുമാനത്തിനുവേണ്ടിയും, അങ്ങയെ പ്രീതിപ്പെ ടുത്തിയ നീതിമാന്മാരായ പിതാക്കന്മാർക്കുവേണ്ടിയും, ക്ലേശി തരും ദുഃഖിതരും, ദരിദ്രരും, പീഡിതരും, രോഗികളും ആകു

ലരുമായ എല്ലാവർക്കുംവേണ്ടിയും, ഞങ്ങളുടെയിടയിൽ നിന്നു് അങ്ങയുടെ നാമത്തിൽ വേർപിരിഞ്ഞുപോയ എല്ലാ മരിച്ചവർക്കും വേണ്ടിയും, അങ്ങയുടെ കാരുണ്യത്തെ പ്രത്യാശാപൂർവ്വം പ്രതീക്ഷിക്കുന്ന ഈ ജനത്തിനുവേണ്ടിയും, എളിയവനായ എനിക്കുവേണ്ടിയും ഈ കുർബാന അങ്ങു സ്വീകരിക്കണമേ.

കൈകൾ കൂപ്പി

കർത്താവായ ദൈവമേ, നിന്റെ പ്രിയപുത്രൻ ഞങ്ങളെ പഠിപ്പിച്ചതുപോലെ ഈ തിരുശ്ശരീരരക്തങ്ങൾ വിശുദ്ധ ബലിപീഠത്തിൽ നിനക്കു ഞങ്ങൾ സമർപ്പിക്കുന്നു. ദൈവമാതാവായ കന്യകാമറിയത്തിൻെറയും, ഈ സമർപ്പണംവഴി നിന്നെ പ്രസാദിപ്പിച്ച നീതിമാന്മാരും വിശുദ്ധരുമായ എല്ലാ പിതാക്കന്മാരുടെയും പാവനസ്മരണ നിൻെറ സന്നിധിയിൽ ഉണ്ടാകട്ടെ. ജീവിതകാലം മുഴുവനും നിൻെറ ശാന്തിയും സമാധാനവും ഞങ്ങൾക്കു നൽകണമേ. ഭൂവാസികളെല്ലാവരും നിന്നെ അറിയട്ടെ. നീ മാത്രം യഥാർത്ഥ പിതാവായ ദൈവമാകുന്നുവെന്നും, നിന്റെ പ്രിയപുത്രനായ ഈശോമിശിഹായെ നീ അയച്ചുവെന്നും, ഞങ്ങളുടെ കർത്താവും ദൈവവുമായ മിശിഹാ വന്നു ജീവദായകമായ സുവിശേഷംവഴി പ്രവാചകന്മാർ, ശ്ലീഹന്മാർ, രക്തസാക്ഷികൾ, വന്ദകന്മാർ, വേദപാരംഗതന്മാർ, പുരോഹിതന്മാർ, ശെമ്മാശന്മാർ എന്നിവർക്കും, മാമ്മോദീസ സ്വീകരിച്ചു കത്തോലിക്കാസഭയുടെ സന്താനങ്ങളായിത്തീർന്ന എല്ലാവർക്കും ആവശ്യകമായ വിശുദ്ധിയുടെ മാർഗ്ഗം കാണിച്ചു തന്നുവെന്നും, എല്ലാ മനുഷ്യരും അറിയുവാൻ ഇടയാകട്ടെ ✠

✠ ബലിപീഠത്തിന്മേൽ കുരിശടയാളം വരയ്ക്കുന്നു.

പാട്ടു തീരുമ്പോൾ കൈകൾ കുരിശാകൃതിയിൽ ബലിവസ്തുക്കളുടെമേൽ പിടിച്ചുകൊണ്ടു ചൊല്ലുന്നു.

**കാർമ്മി:** കർത്താവായ ദൈവമേ, നിൻെറ പരിശുദ്ധാത്മാവ് എഴുന്നള്ളിവരട്ടെ.

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** നിൻെറ ദാസന്മാരുടെ ഈ കുർബാനയിൽ അവിടുന്ന് ആവസിച്ച് അതിനെ ആശീർവ്വദിക്കയും പവിത്രീകരിക്കയും ചെയ്യട്ടെ. ഇതുവഴി കടങ്ങളുടെ പൊറുതിയും, പാപങ്ങളുടെ മോചനവും, ഉയിർപ്പിലുള്ള പ്രത്യാശയും പ്രീതിജനകമായവിധം നിൻെറ സന്നിധിയിൽ വർത്തിച്ച എല്ലാവരോടുമൊന്നിച്ച് സ്വർഗ്ഗത്തിൽ നവമായ ജീവിതവും ഞങ്ങൾക്കു ലഭിക്കുമാറാകട്ടെ.

കൈകൾ ഉയർത്തി കൂപ്പിപ്പിടിച്ചു തുടരുന്നു.

അങ്ങു ഞങ്ങൾക്കു നൽകിയ എല്ലാ സഹായങ്ങൾക്കും അനുഗ്രഹങ്ങൾക്കുമായി ഞങ്ങൾ അങ്ങേയ്ക്കു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും സമർപ്പിക്കുന്നു. ഇപ്പോഴും എപ്പോഴും എന്നേക്കും.

**സമൂ:** ആമ്മേൻ.

**കാർമ്മി:** സ്വർഗ്ഗവാസികളുടെ ആനന്ദവും, ഭൂവാസികളുടെ പ്രത്യാശയുമായ മിശിഹായേ, ലോകത്തിൻെറ നാനാഭാഗങ്ങളിലും, വിശിഷ്യ, പരിശുദ്ധ കത്തോലിക്കാസഭയിലും, നിൻെറ ശാന്തിയും സമാധാനവും പുലർത്തണമേ. സഭയെയും രാഷ്ട്രത്തെയും ഐക്യത്തിൽ സംരക്ഷിക്കണമേ. കലഹപ്രിയരായ ജനങ്ങളെ ചിതറിക്കണമേ. വിനയത്തിലും ദൈവഭയത്തിലും, സമാധാനവും സന്തുഷ്ടിയും നിറഞ്ഞ ജീവിതം നയിക്കുവാൻ ഞങ്ങൾക്ക് ഇടയാകട്ടെ.

## ഗാനം

**കാർമ്മി:** ദൈവമേ, എന്നിൽക്കനിയേണമേ;
പാപങ്ങൾ പൊറുക്കേണമേ.
ഘോരമാമെൻെറ അപരാധങ്ങൾ
കനിവിയന്നു മറക്കേണമേ.

**സമൂ:** അറിയുന്നുഞാനെൻ പാപങ്ങൾ
കാണുന്നു ഞാനവയെൻ മുമ്പിൽ
നിൻതിരുകല്പന ഞാൻ ലംഘിച്ചു
തിരുമുമ്പിൽ പാപം ചെയ്തുഞാൻ.

താഴെ വരുന്ന പ്രാർത്ഥന താഴ്ന്ന സ്വരത്തിൽ ചൊല്ലി കാർമ്മികൻ ധൂപം വാഴ്ത്തുന്നു.

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, പരിമളസമൃദ്ധങ്ങളുടെയും സുഗന്ധദ്രവ്യങ്ങളുടെയും നാഥാ, വാഗ്ദാനപേടകത്തിൻെറ കൂടാരത്തിൽ ശ്രേഷ്ഠപുരോഹിതനായ അഹറോൻ അർപ്പിച്ച ധൂപംപോലെ ഞങ്ങളുടെ പ്രാർത്ഥനയും ധൂപവും ✠ അങ്ങയെ പ്രസാദിപ്പിക്കട്ടെ.

കൈകൾ രണ്ടും ധൂപത്തിനു മുകളിൽ കമിഴ്ത്തിപ്പിടിച്ച്

ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങേ സ്നേഹത്തിൻെറ ദിവ്യപരിമളത്താൽ എന്നെ സുഗന്ധപൂരിതനാക്കണമേ. വഴിതെററിപ്പോയ ഞങ്ങളെ അന്വേഷിച്ചു കണ്ടെത്തിയ നല്ലയിടയാ, അറിഞ്ഞും അറിയാതെയും ചെയ്ത തെററുകൾ ഞങ്ങളോടു ക്ഷമിക്കണമേ.

കൈകൾ കുരിശാകൃതിയിൽ നെഞ്ചോടു ചേർക്കുന്നു. അനന്തരം വലത്തുകൈ ആദ്യം ശുശ്രൂഷിയുടെയും, പിന്നീട്ട ജനങ്ങളുടെയും നേരേ നീട്ടിക്കൊണ്ട്

ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ വിശുദ്ധ ബലിപീഠത്തിങ്കൽ നില്ക്കുന്ന ഈ ശുശ്രൂഷകനെയും, അങ്ങയുടെ കാരുണ്യം കാത്തുനില്ക്കുന്ന ഈ ജനങ്ങളെയും സുഗന്ധപൂരിതരാക്കണമേ.

കൈ ബലിപീഠത്തിങ്കലേയ്ക്കു നീട്ടുന്നു.

ഞങ്ങളുടെ കർത്താവായ ദൈവമേ, മിശിഹായുടെ തിരുക്കല്ലറയുടെ സാദൃശ്യമായ ഈ ബലിപീഠത്തെ സുഗന്ധപൂരിതമാക്കണമേ.

കൈകൾ ഉയർത്തി ഉയർന്ന സ്വരത്തിൽ

ഞങ്ങളുടെ കർത്താവായ ദൈവമേ, ഞങ്ങൾ അയോഗ്യരാകുന്നു; ഞങ്ങൾ തീർത്തും അയോഗ്യരാകുന്നു. എങ്കിലും, സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളിലേയ്ക്കു് അങ്ങയുടെ കാരുണ്യം ഞങ്ങളെ അടുപ്പിക്കുന്നു.

**സമൂ:** ഞങ്ങളെ അനുഗ്രഹിക്കണമേ; കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

കാർമ്മികൻ കുനിഞ്ഞു വന്ദനംചെയ്തശേഷം കാസയുടെ മൂടി മാറുന്നു. തിരുവോസ്തി കൈകളിലെടുത്തു് ഉയർത്തിപ്പിടിച്ചുകൊണ്ടു്

**കാർമ്മി:** ഞങ്ങളുടെ കർത്താവീശോമിശിഹായേ അങ്ങയുടെ നാമത്തിന് എപ്പോഴും ആരാധനയും സ്തുതിയും, ഉണ്ടായിരിക്കട്ടെ. സജീവവും ജീവദായകവുമായ ഈ അപ്പം സ്വർഗ്ഗത്തിൽനിന്നിറങ്ങിയതും, ലോകത്തിനു മുഴുവനും ജീവൻ നല്കുന്നതുമാകുന്നു. ഇതു ഭക്ഷിക്കുന്നവർ മരിക്കയില്ല; പ്രത്യുത, പാപമോചനവും രക്ഷയും പ്രാപിക്കയും, നിത്യം ജീവിക്കയും ചെയ്യും.

## ഗാനം

**സമൂ:** സ്വർഗ്ഗീയജീവന്റെ അപ്പം
വിണ്ണിൽനിന്നൂഴിയിൽവന്നു;
ദൈവത്തിൻ നിത്യകുമാരൻ
മർത്ത്യർക്കു ഭോജ്യമായ്ത്തീർന്നു.
സ്വർഗ്ഗീയ....

സ്നേഹമാർന്നീ ദിവ്യഭോജ്യം
സ്വീകരിക്കുന്നവരെല്ലാം
സത്യമായ് ജീവിക്കുമെന്നും
നിത്യമാം രാജ്യവും നേടും
സ്വർഗ്ഗീയ....

സമൂഹം പാട്ടു തുടങ്ങുമ്പോൾ തിരുവോസ്തി താഴ്ത്തിപ്പിടിച്ചുകൊണ്ടു കാർമ്മികൻ താഴ്ന്ന സ്വരത്തിൽ ചൊല്ലുന്നു.

**കാർമ്മി:** അവർണ്ണനീയമായ ഈ ദാനത്തെക്കുറിച്ചു കർത്താവേ, ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

കർത്താവായ ദൈവമേ, അങ്ങയുടെ പ്രിയ പുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായുടെ ശരീര രക്തങ്ങളെ യഥാർത്ഥവിശ്വാസത്തോടെ ഞങ്ങൾ സമീപി

ക്കയും, വിഭജിച്ചു മുദ്രിതമാക്കുകയും ചെയ്യുന്നു. പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ എന്നേയ്ക്കും.

തിരുവോസ്തി രണ്ടായി മുറിച്ചു് ഇടത്തു കൈയിലുള്ള ഭാഗം പീലാസായിൽ വയ്ക്കുന്നു. വലത്തുകൈയിലുള്ള ഭാഗംകൊണ്ടു് കുരിശാകൃതിയിൽ തിരുരക്തത്തെ അടയാളപ്പെടുത്തുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ അമൂല്യമായ രക്തം അവിടത്തെ ജീവദായകമായ ശരീരംകൊണ്ടു് മുദ്രിതമാക്കപ്പെടുന്നു. പിതാവിൻെറയും ✠ പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ എന്നേയ്ക്കും.

കൈയിലിരിക്കുന്ന ഭാഗംകൊണ്ടു പീലാസയിലിരിക്കുന്ന ഭാഗം അടയാളപ്പെടുത്തുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശ്ശരീരം അവിടത്തേ തിരുരക്തംകൊണ്ടു മുദ്രിതമാക്കപ്പെടുന്നു. പിതാവിൻെറയും ✠ പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ എന്നേയ്ക്കും.

രണ്ടു ഭാഗവും കൂട്ടിച്ചേർത്തു കാസയുടെ മുകളിൽ പിടിക്കുന്നു.

സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങൾ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വത്തിൻെറ ആരാദ്ധ്യവും മഹനീയവുമായ നാമത്തിൽ വേർതിരിക്കപ്പെടുകയും പൂർത്തിയാക്കപ്പെടുകയും, പരസ്പരം യോജിപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

കർത്താവേ, ഇവിടെയും മറെറല്ലാസ്ഥലങ്ങളിലുമുള്ള വിശുദ്ധസഭയ്ക്കും, ഞങ്ങൾക്കെല്ലാവർക്കും ഈ രഹസ്യങ്ങൾവഴി കടങ്ങളുടെ പൊറുതിയും പാപങ്ങളുടെ മോചനവും ഉയിർപ്പിലുള്ള പ്രത്യാശയും സ്വർഗ്ഗരാജ്യത്തിൽ നവമായ ജീവനും ലഭിക്കുമാറാകട്ടെ. ഇപ്പോഴും എപ്പോഴും എന്നേയ്ക്കും.

തിരുവോസ്തിയുടെ ഭാഗങ്ങൾ ഒന്നിനുമീതെ ഒന്നായി പീലാസയിൽ വയ്ക്കുന്നു. അനന്തരം വന്ദനംചെയ്തു കുരിശു വരയ്ക്കുന്നു. പിന്നീടു ശോശപ്പാ നിവർത്തിവയ്ക്കുന്നു.

ഞങ്ങളുടെ കർത്താവീശോമിശിഹായേ, അങ്ങേയ്ക്കു സ്തുതി. എന്തുകൊണ്ടെന്നാൽ, സ്തുത്യർഹവും പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ രഹസ്യങ്ങളുടെ ശുശ്രൂഷകനും മദ്ധ്യസ്ഥനുമായി അയോഗ്യനായ എന്നെ അങ്ങു നിയോഗിച്ചിരിക്കുന്നു. അങ്ങയുടെ കാരുണ്യത്താൽ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും എന്നെ യോഗ്യനാക്കണമേ.

"സ്വർഗ്ഗീയജീവന്റെ..." എന്ന പാട്ടു തീരുമ്പോൾ

## ഗാനം

**കാർമ്മി:** കർത്താവാം മിശിഹാതൻ കാരുണ്യവും
താതനാം ദൈവത്തിൻ സംപ്രീതിയും
പരിശുദ്ധാത്മാവിൻ സഹവാസവും
നമ്മിലുണ്ടാകേണമെന്നുമെന്നും

**സമൂ:** നമ്മിലുണ്ടാകേണമെന്നുമെന്നും.

ശുശ്രൂഷി ജനങ്ങളുടെ നേരെ തിരിഞ്ഞു നിന്നു താഴെ വരുന്ന ഗാനം ആരംഭിക്കുന്നു.

## ഗാനം

**ശുശ്രൂ:** നാഥൻെറ ദിവ്യശരീരവും രക്തവും.
സ്നേഹമോടേ വന്നു സ്വീകരിപ്പിൻ

**സമൂ:** കറയെല്ലാം നീക്കിയെൻ ആത്മാവിൽ
ദൈവമേ,
കൈവല്യദീപം കൊളുത്തീടണേ.

**ശുശ്രൂ:** പാപങ്ങളോർത്തോർത്തു കണ്ണീരൊഴുക്കുവിൻ
ശത്രുതയെല്ലാം മറന്നീടുവിൻ.

**സമൂ:** കറയെല്ലാം....

**ശുശ്രൂ:** ദിവ്യക്കുദാശയാൽ പാവനാത്മാവിൻെറ
തികവുററ ദാനങ്ങൾ കൈക്കൊള്ളുവിൻ.

**സമൂ:** കറയെല്ലാം....

**ശുശ്രൂ:** ദൈവത്തിലൊന്നായി, നിർമ്മായ-
ചിത്തരായ്
സർവ്വേശസൂനുവെ സ്വീകരിപ്പിൻ.

**സമൂ:** കറയെല്ലാം....

**കാർമ്മി:** ഞങ്ങളുടെ കർത്താവായ ദൈവമേ, നിർമ്മലഹൃദയത്തോടും പ്രസന്നവദനത്തോടും മനോവിശ്വാസത്തോടുംകൂടെ എപ്പോഴും അങ്ങയുടെ സന്നിധിയിൽ വ്യാപ

രിക്കുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങളെല്ലാവരും ഏകസ്വരത്തിൽ അങ്ങയെ വിളിച്ച് ഇപ്രകാരം അപേക്ഷിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, (സമൂഹവുംകൂടി) അങ്ങയുടെ നാമം പൂജിതമാകണമേ. അങ്ങയുടെ രാജ്യം വരണമേ. അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ. അന്നന്നുവേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ. ഞങ്ങളോടു തെററുചെയ്യുന്നവരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെററുകൾ ഞങ്ങളോടും ക്ഷമിക്കണമേ. ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ. തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും അങ്ങയുടേതാകുന്നു ആമ്മേൻ.

ജനങ്ങളുടെനേരെ തിരിഞ്ഞ്

**കാർമ്മി:** നിങ്ങൾക്കു ✠ സമാധാനം.

**സമൂ:** അങ്ങേയ്ക്കും സമാധാനം.

**കാർമ്മി:** വിശുദ്ധ കുർബാന വിശുദ്ധർക്കുള്ളതാകുന്നു.

**സമൂ:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏകദൈവം മാത്രമാകുന്നു പരിശുദ്ധൻ.

കാർമ്മികൻ ബലിപീഠത്തിൻെറ നേരെ തിരിയുന്നു.

**ശുശ്രൂ:** സജീവനായ ദൈവത്തെ നമുക്കു പ്രകീർത്തിക്കാം.

## ഗാനം

**സമൂ:** ലോകത്തിൻ നാഥനാമീശോ
എന്നുള്ളിൽ വാഴാൻ വരുന്നു:
മാനവരക്ഷകനീശോ
പാപിയെത്തേടിവരുന്നു

യോഗ്യമല്ലേതുമെൻ നാഥാ, നിന്നെ
സ്വീകരിക്കാനെൻ ഹൃദന്തം
കർത്താവേ, നിൻതൃക്കടാക്ഷം-പരി
ശുദ്ധിവിതയ്ക്കേണമെന്നിൽ.

പാട്ടു തുടങ്ങുമ്പോൾ കാർമ്മികൻ വന്ദനം ചെയ്തു തിരുവോസ്തി കൈയിലെടുക്കുന്നു.

**കാർമ്മി:** (താഴ്ന്ന സ്വരത്തിൽ) കർത്താവേ, അങ്ങയുടെ തിരുശ്ശരീരം എനിക്കു ശിക്ഷാവിധിക്കു ഹേതുവാകാതെ കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും കാരണമാകട്ടെ.

തിരുശ്ശരീരം ഉൾക്കൊള്ളുന്നു. അനന്തരം വന്ദനംചെയ്തു കാസ കൈയിലെടുക്കുന്നു.

**കാർമ്മി:** (താഴ്ന്ന സ്വരത്തിൽ) സ്വർഗ്ഗീയമണവാളാ, അങ്ങയുടെ വിരുന്നിനു ക്ഷണിക്കപ്പെട്ടവർക്ക് അങ്ങയുടെ അമൂല്യരക്തത്തിന്റെ കാസ അങ്ങു സജ്ജമാക്കി.

തിരുരക്തം ഉൾക്കൊള്ളുന്നു.

അതിൽനിന്നു പാനംചെയ്യുവാൻ പാപിയായ എന്നെയും അനുവദിച്ചു. അങ്ങയുടെ അവർണ്ണനീയമായ സ്നേഹത്തിന് എന്നേയ്ക്കും സ്തുതി.

പാട്ട കഴിയുമ്പോൾ കാർമ്മികൻ ജന
ങ്ങളെ ആശീർവദിക്കുന്നു.

**കാർമ്മി:** നമ്മെ ജീവിപ്പിക്കുന്ന കർത്താവീശോ മിശിഹായുടെ പ്രസാദവരം നാമെല്ലാവരിലും ✠ സമ്പൂർണ്ണമാകട്ടെ.

**സമൂ:** എപ്പോഴും എന്നേക്കും ആമ്മേൻ.

**ശുശ്രൂ:** (ജനങ്ങളുടെ നേരെ തിരിഞ്ഞു്) സഹോദരരേ, വിശ്വാസത്തോടെ ദൈവപുത്രൻെറ ശരീരം സ്വീകരിക്കുവാനും, അവിടത്തെ കാസ പാനംചെയ്യുവാനും തിരുസ്സഭ നമ്മെ ക്ഷണിക്കുന്നു.

ജനങ്ങൾക്കു ദിവ്യകാരുണ്യം നൽകുന്നു.
അതു കഴിയുമ്പോൾ

**കാർമ്മി:** മനുഷ്യവർഗ്ഗത്തിന്റെ പ്രതീക്ഷയായ മിശിഹായേ, സകലത്തിൻെറയും നാഥാ, ഞങ്ങൾ സ്വീകരിച്ച ശരീരവും രക്തവും ഞങ്ങൾക്കു ശിക്ഷാവിധിക്കു കാരണമാകാതെ, കടങ്ങളുടെ പൊറുതിക്കും പാപങ്ങളുടെ മോചനത്തിനും, അങ്ങയുടെ സന്നിധിയിൽ സന്തുഷ്ടിക്കും നിദാനമാകട്ടെ.

കാർമ്മികൻ കാസയും പീലാസയും തുടച്ചു
ക്രമപ്പെടുത്തുന്നു. സമൂഹം താഴെ വരുന്ന
പാട്ട പാടുന്നു.

## ഗാനം

സഹനംവഴിയായ് മരണത്തിന്മേൽ
ശാശ്വതവിജയം നേടിയ നാഥാ,
രാജമഹേശാ, ദൈവകുമാരാ,
വിനയമൊടങ്ങേ വന്ദിക്കുന്നു.

പരമോന്നതമാമുത്ഥാനത്താൽ
വിജയകിരീടം ചൂടിയ നാഥാ,
മർത്ത്യകുലത്തിൻ രക്ഷകനീശാ
സാദരമങ്ങേ വാഴ്ത്തീടുന്നു.

തിന്മകളെല്ലാം നീക്കി ജഗത്തിൽ
നിർമ്മലകിരണം വീശിയനാഥാ,
അന്തിമദിവസം മഹിമയൊടങ്ങേ
സന്നിധിയണയാൻ വരമരുളേണം

**ശുശ്രൂ:** പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ സ്തുത്യർഹവും പരിശുദ്ധവും ജീവദായകവുമായ ഈ കുർബാനയിൽ പങ്കുകൊള്ളുവാൻ യോഗ്യരാക്കപ്പെട്ട നമുക്കൊരുമിച്ച് അതിന്റെ ദാതാവായ ദൈവത്തിനു സ്തുതിയും കൃതജ്ഞതയും സമർപ്പിക്കാം.

**സമൂ:** അവർണ്ണനീയമായ ഈ ദാനത്തെക്കുറിച്ച് കർത്താവേ, അങ്ങേയ്ക്കു സ്തുതി

**ശുശ്രൂ:** പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

**കാർമ്മി:** പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, കടങ്ങളുടെ മോചനത്തിനായി കാരുണ്യപൂർവം അങ്ങു ഞങ്ങൾക്കു നൽകിയ പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ ദിവ്യദാനത്തെക്കുറിച്ച് അങ്ങയുടെ മഹനീയമായ ത്രിത്വത്തിനു സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും നിരന്തരം സമർപ്പിക്കുവാൻ ഞങ്ങൾ കടപ്പെട്ടവരാകുന്നു.

**സമൂ:** ആമ്മേൻ. കർത്താവേ, ആശീർവദിക്കണമേ

**കാർമ്മി:** മനുഷ്യവർഗ്ഗത്തിൻെറ പ്രതീക്ഷയായ മിശിഹായേ, പരിശുദ്ധവും ജീവദായകവും ദൈവികവുമായ ഈ കർബാനവഴി ഞങ്ങളുടെ കടങ്ങൾ മോചിക്കുന്ന കർത്താവേ, അങ്ങയുടെ ആരാധ്യമായ ഈ ദാനം എന്നും വാഴ്ത്തപ്പെട്ടതാകുന്നു.

**ശുശ്രൂ:** ഗുരോ, ആശീർവദിച്ചാലും.

## സമാപനാശീർവാദം

ജനങ്ങളുടെ നേരേ തിരിഞ്ഞുനിന്ന്

**കാർമ്മി:** കരുണാനിധിയാം കർത്താവേ,
ഞങ്ങളണയ്ക്കും പ്രാർത്ഥനകൾ
കൈക്കൊണ്ടലിവൊടുനിൻസുതരിൽ
ദിവ്യവരങ്ങൾ ചിന്തണമേ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** നിർമ്മലമാനസനാബേലിൻ
പരിപാവനമാം ബലിപോലെ
ബലിയിതുകൈക്കൊണ്ടഖിലേശാ
മൃതരാംസുതരിൽക്കനിയണമേ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** പൂർവന്മാരുടെ ബലിപോലെ
ശ്ലീഹന്മാരുടെ ബലിപോലെ
ബലിയിതുകൈക്കൊണ്ടഖിലേശാ,
മൃതരാം സുതരിൽക്കനിയണമേ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** മൃതരുടെ കറകൾ നീക്കണമേ
പാപകടങ്ങൾ പൊറുക്കണമേ,
നിത്യവിരുന്നിനു കർത്താവേ,
വിരവോടവരെ ചേർക്കണമേ.

**സമൂ:** ആമ്മേൻ.

**കാർമ്മി:** പ്രാർത്ഥിപ്പതിനായ് സന്നിധിയിൽ
വന്നവരാം നിൻ തനയർക്കും
ദിവ്യാനുഗ്രഹമേകണമേ
ഇപ്പൊഴ ✠ മെപ്പൊഴമെന്നേയ്ക്കും.

**സമൂ:** ആമ്മേൻ.

✠ ജനങ്ങളെ ആശീർവദിക്കുന്നു.

DHARMARAM COLLEGE CHAPEL. BANGALORE.

മാർ ളൂയീസ് മെമ്മോറിയൽ പ്രസ്സ്,
എറണാകുളം, കൊച്ചിൻ-11

# മരിച്ചവർക്കുവേണ്ടിയുള്ള പാട്ടുകുർബാന

DHARMARAM COLLEGE
CHAPEL.
BANGALORE.

Indic Digital Archive Foundation
gpura.org